## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1914 12-02-2013-ൽ മറുപടിയ്ക്ക്

### ജീവനക്കാരുടെ ആത്മാർത്ഥതയ്ക്കും സത്യസന്ധതയ്ക്കും ശമ്പളേതര ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരിൽ ആത്മാർത്ഥമായും സത്യസന്ധമായും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളമല്ലാതെ എന്തെങ്കിലും ആനുകൂല്യം നിലവിൽ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ: | (എ) | ഭരണഭാഷയിലെ മികവിന് ഭരണഭാഷാ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഫയലുകളും തപാലുകളും വേഗം തീർപ്പു കല്പിക്കുന്നതിനും ജനങ്ങൾക്ക് എത്രയും വേഗം നീതി ലഭിക്കുന്നതിനും മികച്ച നിലയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് അധിക ഇൻക്രിമെന്റ്, മെരിറ്റ് സർട്ടിഫിക്കറ്റ്, പ്രൊമോഷന് പ്രത്യേക പരിഗണന, പോലീസ് സേനയിൽ നൽകുന്നതുപോലെ പ്രത്യേക സേവനമികവ് അവാർഡുകൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ്തുത്യർഹ സേവനം നടത്തുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് റൂൾസ് പ്രകാരം ഗുഡ് സർവീസ് എൻട്രി, ഇൻസെന്റീവ് അവാർഡ്, അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവയ്ക്ക് വ്യവസ്ഥയുണ്ട്. മറ്റുള്ള കാര്യങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ